**നോമ്പുകാലം ആറാം ഞായർ**

**യോഹ 10:11-18**

## ഇസ്രായേൽ കാത്തിരുന്ന നല്ല ഇടയൻ

റവ. ഡോ. ജോയ്സ് കൈതക്കോട്ടിൽ

യോഹന്നാന്റെ സുവിശേഷം പ്രധാനമായും രണ്ടു ഭാഗങ്ങളായിട്ടാണ് തിരിച്ചിരിക്കുന്നത്. അടയാളങ്ങളുടെ പുസ്തകം (1:9–12:50), മഹത്വത്തിന്റെ പുസ്തകം (13:1–20:31). സുവിശേഷത്തിന്റെ ഒന്നാം ഭാഗത്താണ് ഇന്നത്തെ സുവിശേഷഭാഗം വരുന്നത്. നല്ല ഇടയനെക്കുറിച്ചുള്ള രൂപകല്പന സ്വതന്ത്രമായ ഒരു യൂണിറ്റാണെങ്കിലും, ഒൻപതാം അധ്യായത്തിൽ യേശുവിന്റെ എതിരാളികളായി പ്രത്യക്ഷപ്പെടുകയും അന്ധരായവർ എന്ന് യേശുവിനാൽ കുറ്റപ്പെടുത്തുകയും ചെയ്ത ഫരിസേയരാണ് ഈ ഉപമയിൽ യേശുവിന്റെ ശ്രോതാക്കൾ. യോഹന്നാന്റെ സഭാസമൂഹത്തെ സംബന്ധിച്ചിടത്തോളം അന്നത്തെ സഭാനേതൃത്വത്തിനെതിരെയുള്ള വിമർശനമായും ഈ ഉപമ എടുക്കാവുന്നതാണ്. യേശുവിന്റെ അവകാശവാദങ്ങളെ വെല്ലുവിളിക്കും വിധം തങ്ങളെത്തന്നെ ഇടയന്മാരായി അവതരിപ്പിച്ച നേതാക്കൾ സഭയിൽ ഉണ്ടായിരുന്നിരിക്കണം. കൂടാതെ സുവിശേഷ രചനയുടെ കാലഘട്ടത്തിൽ തന്നെ യേശുവിന്റെ അനുയായികളുടെ ഇടയിൽ ചില ഭിന്നതകൾ ഉണ്ടായിരുന്നു എന്നു കരുതാം. ഭിന്നതകളുടെ പശ്ചാത്തലത്തിൽ ആകണം ഈ തൊഴുത്തിൽ പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടു വരേണ്ടിയിരിക്കുന്നു എന്നും സഭയുടെ ഉള്ളിൽ തന്നെ ഐക്യം ഉണ്ടാകും എന്ന പ്രതീക്ഷയോടെയാകണം ഒരാട്ടിൻപറ്റവും ഒരിടയനുമാകും എന്നും രേഖപ്പെടുത്തിയിരിക്കുന്നത്.

ഇന്ന് നമ്മൾ വായിക്കുന്ന സുവിശേഷഭാഗത്ത് പഴയനിയമത്തിൽ നിന്നും ഒരു ഉദ്ധരണിയും കാണുന്നില്ല. എങ്കിലും പഴയനിയമത്തിലെ ഇടയനെക്കുറിച്ചുള്ള വിവരണത്തിന്റെ ശക്തമായ സ്വാധീനം ഈ ഭാഗത്തു കാണാം. ഇസ്രായേലിലെ അവിശ്വസ്തനായ നേതാക്കൾ ചെന്നായ്ക്കൾക്ക് ആടുകളെ വിട്ടുകൊടുക്കുന്ന ഇടയന്മാരാണെന്ന ആരോപണം പഴയനിയമത്തിൽ ഉണ്ട്. (കാണുക: ജറെമിയ 23:1–8; എസെക്കിയേൽ 34; 22:27; സെഫാനിയ 3:3; സഖറിയാ 10:2–3; 11:417). യഹൂദ സാഹിത്യഗ്രന്ഥങ്ങളിലും ഈ പ്രമേയം ഉണ്ട്. യോഹന്നാന്റെ സുവിശേഷത്തിന്റെ സമകാലിക ഗ്രന്ഥങ്ങളാണിവ. പഴയനിയമത്തിൽ ദൈവത്തെയും ഇടയനായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. പ്രവാസികളായി കഴിഞ്ഞിരുന്നപ്പോൾ ഈ വിശ്വാസത്തിന് മങ്ങലേറ്റു. ആ സാഹചര്യത്തിൽ ജനങ്ങളുടെ വരാനിരിക്കുന്ന ഇടയനായിട്ട് ദൈവത്തെ അവതരിപ്പിച്ചു (കാണുക: ജറെമിയാ 31:10; 13:17; 23:3; ഏശയ്യ 40:11; 49:9–10). എസെക്കിയേലിന്റെ പുസ്തകത്തിൽ ആടുകളെ ഒരുമിച്ചു കൂട്ടുന്ന വരാനിരിക്കുന്ന നല്ല ഇടയനായിട്ട് ദൈവത്തെ അവതരിപ്പിക്കുന്നുണ്ട്. ഇസ്രായേലിന്റെ ഇടയന്മാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയപ്പോൾ അവരെ മാറ്റി ദൈവം തന്നെ ഇടയനായി അവരെ നയിക്കുമെന്ന് എസെക്കിയേലിന്റെ പുസ്തകത്തിൽ പറയുന്നു. രാജഭരണം ഇസ്രായേലിൽ നിന്നും അപ്രത്യക്ഷമായപ്പോൾ ദാവീദിന്റെ ഗോത്രത്തിൽ നിന്നും ജനങ്ങളെ നയിക്കാൻ ഒരിടയൻ വരുമെന്ന് പ്രതീക്ഷ പുലർത്തിയിരുന്നു (കാണുക: മിക്ക 5:3; ജറെമിയ 3:15; 23:4–6; എസെക്കിയേൽ 34:23–24; 37:24; സഖറിയാ 13:7–9). ഒരിടയനും ഒരാട്ടിൻകൂട്ടവും എന്ന ആശയം ഇവിടെ രൂപപ്പെട്ടു വരുന്നുണ്ട്. യേശുവിന്റെ വചനങ്ങളുടെ പശ്ചാത്തലമിതാണ്.

ഇസ്രായേൽ കാത്തിരുന്ന നല്ല ഇടയൻ മാത്രമല്ല യേശു എന്നതാണ് ഇന്നത്തെ സുവിശേഷ വചനങ്ങൾക്കു തൊട്ടുമുൻപ് കൊടുത്തിരിക്കുന്ന ഭാഗം നമ്മോടു പറയുന്നത്. ഞാനാണ് ആടുകളുടെ വാതിൽ എന്നത് ഒഴിവാക്കി ഇന്നത്തെ ഭാഗം മനസ്സിലാക്കാനാകില്ല. ജീവനിലേക്കുള്ള വഴി യേശുവാണ് (വാതിൽ); ജീവനിലേക്ക് നയിക്കുന്നവനും യേശുവാണ് (നല്ല ഇടയൻ). ഈ രണ്ടു രൂപകങ്ങളും വളരെ ബന്ധപ്പെട്ടിരിക്കുന്നതാണെങ്കിലും രണ്ടും ഒന്നല്ല. യേശു ജീവനിലേക്കുള്ള വഴിയാകുന്നത് യേശു തന്നെ ജീവനായതുകൊണ്ടാണ്. യേശു ജീവനിലേക്ക് നയിക്കുന്നത് അവൻ സ്വന്തം ജീവിതം അർപ്പിക്കുന്നതു കൊണ്ടാണ്. എന്നാൽ

ആടുകളുടെ സാന്നിധ്യം ഇല്ലാതെ ഈ ബിംബങ്ങൾക്ക് അർത്ഥമില്ല. യേശുവും യേശുവിനെ അനുഗമിക്കുന്നവരും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെയാണ് ഇത് വെളിപ്പെടുത്തുന്നത്.

യോഹന്നാൻ പത്താം അധ്യായത്തിലെ അജപാലന ബിംബങ്ങൾ പ്രഥമമായി ക്രിസ്തുവിജ്ഞാനീയപരവും സഭാവിജ്ഞാനീയ പരവുമാണ്. കാരണം ഇവ യേശുവിന്റെ സ്വത്വത്തെയും ഇടയനെന്ന നിലയിൽ ആടുകളോടുള്ള ബന്ധത്തെയുമാണ് പ്രകടമാക്കുന്നത്.

ഇടയനും ആടുകളും എന്ന ചിത്രം യഹൂദർക്ക് വളരെ പരിചിതമായ ഒന്നാണ്. ആട്ടിൻതൊഴുത്ത് വീടിനോട് ചേർത്താണ് സാധാരണ പണിയുന്നത്. ആട്ടിൻതൊഴുത്തിലേക്ക് വേറിട്ട ഒരു വാതിൽ ഉണ്ടായിരിക്കും. ആട്ടിൻതൊഴുത്തിലേക്കുള്ള ഏക വാതിൽ ഇതായിരിക്കും. ഇടയന്റെ റോൾ വളരെ പ്രധാനപ്പെട്ടതാണ്. ആടുകളെ അടുത്തേക്ക് വരിക, അവയെ പേരു ചൊല്ലി വിളിക്കുക, അവ അതുകേട്ട് പ്രതികരിക്കുക. അപരിചിതനാണെങ്കിൽ പ്രതികരിക്കാതിരിക്കുക. കള്ളനോ കവർച്ചക്കാരനോ അപരിചിതനോ ആടുകൾക്കും ഭീഷണിയാണ്. പലസ്തീനായിലെ സാധാരണമായ ഈ സാഹചര്യത്തിന്റെ പശ്ചാത്തലത്തിലാണ് യേശു താൻ നല്ല ഇടയനാണെന്ന് പ്രഖ്യാപിക്കുന്നത്. പഴയനിയമത്തിൽ എസെക്കിയേലിന്റെ പുസ്തകത്തിൽ നല്ല ഇടയനായി അവതരിപ്പിക്കപ്പെടുന്ന ദൈവവുമായി തന്നെത്തന്നെ താദാത്മ്യപ്പെടുത്തിക്കൊണ്ട് ദൈവത്തിന്റെ വാഗ്ദാനങ്ങൾ പൂർത്തീകരിക്കുന്നവനും ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നവനുമായി യേശു സ്വയം വെളിപ്പെടുത്തുകയാണ്.